


തർബിയത്ത്

താജ് ആലുവ

# സ്വർഗത്തിലേക്കുള്ള പാത എളുപ്പമാക്കുക

**"നിങ്ങൾ** എളുപ്പമുണ്ടാക്കുക, പ്രയാസമുണ്ടാക്കരുത്. സദ്വാർത്തകൾ അറിയിക്കുക, വെറുപ്പിക്കരുത്." ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പ്രബോധന പ്രവർത്തനങ്ങൾക്ക് നിയോഗിതരായ അനുചരന്മാരോട് പ്രവാചകന്റെ കൽപനയായിരുന്നു ഇത്. സ്വർഗത്തിലേക്കുള്ള പാത വിഷമകരം തന്നെ. പക്ഷേ സാമാന്യജനങ്ങൾക്ക് അതെത്തിപ്പിടിക്കാനാകാത്തതാണെന്ന ധാരണ സൃഷ്ടിക്കരുത്. പ്രബോധകർ ചെറിയ ചെറിയ പ്രവർത്തനങ്ങളിലൂടെ വൻ പ്രതിഫലം കരസ്ഥമാക്കാൻ എല്ലാവരെയും പ്രാപ്തരാക്കുകയാണ് വേണ്ടത്. അതിനുതകുന്ന ചില പ്രവാചകവചനങ്ങൾ ചോദ്യോത്തര രൂപത്തിൽ താഴെ കൊടുക്കുന്നു.

● *അല്ലാഹുവിനോട് സമീപസ്ഥനാകാൻ താങ്കൾക്ക് ആഗ്രഹമുണ്ടോ?*

നബി(സ) പറഞ്ഞു: ഒരടിമ അല്ലാഹുവിനോട് ഏറ്റവും അടുത്ത് നിൽക്കുന്ന സമയം അവൻ സുജൂദിലായിരിക്കുമ്പോഴാണ്. അതിനാൽ നിങ്ങൾ സുജൂദിൽ പ്രാർഥനകൾ അധികരിപ്പിക്കുക (മുസ്‌ലിം).

● *സ്വർഗത്തിൽ പ്രവാചകന്റെ സമീപത്താകാൻ താങ്കൾക്ക് ആഗ്രഹമുണ്ടോ?*

നബി(സ) പറഞ്ഞു: ഞാനും അനാഥയുടെ സംരക്ഷകനും സ്വർഗത്തിൽ ഇപ്രകാരമായിരിക്കും. (തുടർന്ന് റസൂൽ തന്റെ ചൂണ്ടുവിരലും മധ്യവിരലും ഉയർത്തിക്കാണിച്ചു - ബുഖാരി).

● *അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുന്നവന്റെ, രാത്രി മുഴുവൻ നിന്ന് നമസ്കരിക്കുന്നവന്റെ, അല്ലെങ്കിൽ പകൽ മുഴുവൻ നോമ്പനുഷ്ഠിക്കുന്നവന്റെ പ്രതിഫലം താങ്കളാഗ്രഹിക്കുന്നുണ്ടോ?*

നബി(സ) പറഞ്ഞു: വിധവകളുടെയും അനാഥകളുടെയും ക്ഷേമത്തിന്ന് പരിശ്രമിക്കുന്നവൻ അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുന്നവനെ പോലെയാണ്. അല്ലെങ്കിൽ ഉറങ്ങാതെ രാത്രി നമസ്കരിക്കുന്നവനെ പോലെയോ പകൽ പോലും വിടാതെ നോമ്പനുഷ്ഠിക്കുന്നവനെ പോലെയോ ആകുന്നു (ബുഖാരി, മുസ്‌ലിം).

● *നബി(സ) സ്വർഗം വാഗ്ദാനം ചെയ്തവരുടെ കൂട്ടത്തിലുൾപ്പെടാൻ താങ്കൾക്കാഗ്രഹമുണ്ടോ?*

നബി(സ) പറഞ്ഞു: ആര് തന്റെ താടിയെല്ലുകൾക്കിടയിലുള്ളതിനെക്കുറിച്ചും (നാവ്) തുടയെല്ലുകൾക്കിടയിലുള്ളതിനെക്കുറിച്ചും (ഗുഹ്യാവയവം) എനിക്ക് ഉറപ്പ് നൽകുന്നുവോ അവന് ഞാൻ സ്വർഗം ഉറപ്പ് നൽകുന്നു (മുസ്‌ലിം).

● *അന്ത്യനാളിൽ നന്മയുടെ തുലാസുകൾ കനം തൂങ്ങുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടണമെന്നാഗ്രഹമുണ്ടോ?*

നബി(സ) പറഞ്ഞു: രണ്ട് വാക്കുകൾ! പരമകാരുണികന് ഏറ്റവും ഇഷ്ടകരവും നാവിന് വളരെ എളുപ്പവും തുലാസിൽ കനം തൂങ്ങുന്നതുമാണവ! *സുബ്ഹാനല്ലാഹി വബിഹംദിഹി, സുബ്ഹാനല്ലാഹിൽ അളീം* (അല്ലാഹു പരിശുദ്ധൻ, അവൻ സ്തുത്യർഹൻ, മഹാനായ അല്ലാഹു പരി

ശുദ്ധൻ - ബുഖാരി)

● *ഒരു രാത്രി മുഴുവൻ നിന്ന് നമസ്കരിച്ച പ്രതിഫലം ലഭിക്കണമെന്നുണ്ടോ?*

നബി(സ) പറഞ്ഞു: ഒരാൾ ഇശാ നമസ്കാരം ജമാഅത്തായി നിർവഹിച്ചാൽ ഒരു രാത്രിയുടെ പകുതി നമസ്കരിച്ചതു പോലെയാണ്. ഒരാൾ സുബ്ഹി നമസ്കാരം ജമാഅത്തായി നിർവഹിച്ചാൽ രാത്രി മുഴുവൻ നിന്ന് നമസ്കരിച്ചതു പോലെയായി (മുസ്‌ലിം).

● *അല്ലാഹുവിന്റെ അടുക്കൽ താങ്കളുടെ പദവി ഉയരണമെന്നുണ്ടോ?*

നബി(സ) പറഞ്ഞു: ആര് അല്ലാഹുവിന് വേണ്ടി വിനയം കാണിക്കുന്നുവോ, പ്രതാപവാനും മഹോന്നതനുമായ അല്ലാഹു അവന്റെ പദവി ഉയർത്തുക തന്നെ ചെയ്യും (മുസ്‌ലിം).

● *താങ്കളെ കാണാൻ അല്ലാഹു ഇഷ്ടപ്പെടണമെന്നുണ്ടോ?*

നബി(സ) പറഞ്ഞു: ആര് അല്ലാഹുവിനെ കാണാൻ ഇഷ്ടപ്പെടുന്നോ അവനെ കാണാൻ അല്ലാഹുവും ഇഷ്ടപ്പെടും (ബുഖാരി).

● *ദിവസം മുഴുവനും അല്ലാഹുവിന്റെ സംരക്ഷണയിലായിരിക്കണമെന്നുണ്ടോ?*

നബി(സ) പറഞ്ഞു: ആര് സുബ്ഹ് നമസ്കരിച്ചോ, അവൻ അല്ലാഹുവിന്റെ സംരക്ഷണത്തിലാണ് (മുസ്‌ലിം).

● *വർഷം മുഴുവൻ നോമ്പനുഷ്ഠിച്ചതിന്റെ പ്രതിഫലം കൊതിക്കുന്നുണ്ടോ?*

നബി(സ) പറഞ്ഞു: മാസത്തിൽ മൂന്ന് നോമ്പനുഷ്ഠിക്കുന്നത് വർഷം മുഴുവൻ നോമ്പനുഷ്ഠിക്കുന്നതു പോലെയാണ് (ബുഖാരി, മുസ്‌ലിം)

● *താങ്കളുടെ പ്രയാസങ്ങൾ അല്ലാഹു നീക്കിത്തരണമെന്നുണ്ടോ?*

*നബി(സ) പറഞ്ഞു: ആര് പ്രയാസപ്പെടുന്നവന് ആശ്വാസം നൽകിയോ, അവന്റെ കാര്യങ്ങൾ ഇഹത്തിലും പരത്തിലും അല്ലാഹു എളുപ്പമാക്കിക്കൊടുക്കും (മുസ്‌ലിം)*

● *സ്വർഗത്തിൽ ഒരു ഭവനം വേണമെന്നുണ്ടോ?*

നബി(സ) പറഞ്ഞു: അല്ലാഹുവിന്റെ മുസ്‌ലിമായ അടിമ നിർബന്ധ നമസ്കാരങ്ങൾ കൂടാതെ ഒരു ദിവസം 12 റക്അത്തുകൾ * ഐഛികമായി നമസ്കരിച്ചാൽ അല്ലാഹു അവന് സ്വർഗത്തിൽ ഒരു ഭവനം നിർമിച്ചുകൊടുക്കും (മുസ്‌ലിം).

● *ഖുർആൻ താങ്കൾക്ക് വേണ്ടി പരലോകത്ത് ശിപാർശ ചെയ്യണമെന്നുണ്ടോ?*

നബി(സ) പറഞ്ഞു: നിങ്ങൾ ഖുർആൻ പാരായണം ചെയ്യുക. തീർച്ചയായും അന്ത്യനാളിൽ ഖുർആൻ അതിന്റെ ആളുകൾക്ക് ശിപാർശകനായി വരും (മുസ്‌ലിം).

● *സ്വർഗത്തിലേക്കുള്ള പാത അല്ലാഹു എളുപ്പമാക്കിത്തരണമെന്നുണ്ടോ?*

നബി(സ) പറഞ്ഞു: ആര് വിജ്ഞാനത്തിന്റെ പാതയിൽ പ്രവേശിച്ചുവോ, അല്ലാഹു സ്വർഗത്തിലേക്കുള്ള പാത അവന് എളുപ്പമാക്കിക്കൊടുക്കും (മുസ്‌ലിം).

● *ചെറിയ ചെറിയ കർമങ്ങളിലൂടെ അല്ലാഹുവിന്റെ പ്രതിഫലം ലഭിക്കണമെന്നുണ്ടോ?*

നബി(സ) പറഞ്ഞു: എല്ലാ നല്ല കാര്യങ്ങളും ദാനധർമമാണ്. നന്മ അറിയിച്ച് കൊടുക്കുന്നയാൾ അത് പ്രവർത്തിച്ചവനെ പോലെയാണ് (ബുഖാരി, മുസ്‌ലിം).

● *ജനങ്ങളിൽ ഏറ്റവും ഉത്തമനാകണമെന്നുണ്ടോ?*

നബി(സ) പറഞ്ഞു: നിങ്ങളിൽ ഏറ്റവും ഉത്തമൻ ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണ് (ബുഖാരി).

● *അന്ത്യനാളിൽ അല്ലാഹുവിന്റെ തണൽ ലഭിക്കണമെന്നുണ്ടോ?*

നബി(സ) പറഞ്ഞു: അന്ത്യനാളിൽ അല്ലാഹു വിളിച്ച് പറയും: 'എന്റെ മഹത്വത്തെ മുൻനിർത്തി പരസ്പരം സ്നേഹിച്ചവരെവിടെ? ഇന്നവർക്ക് ഞാൻ എന്റെ ശീതളഛായയിൽ അഭയം നൽകും. എന്റെ തണലല്ലാതെ വേറൊരു തണലും ഇല്ലാത്ത ദിനമാണിന്ന്' (മുസ്‌ലിം).

● *അന്ത്യനാളിൽ അല്ലാഹു താങ്കളുടെ കുറവുകൾ മറച്ചു വെക്കണമെന്നുണ്ടോ?*

നബി(സ) പറഞ്ഞു: ഇഹലോകത്ത് ഏതൊരു ദൈവദാസൻ തന്റെ സഹോദരന്റെ കുറവുകൾ മറച്ചുവെച്ചോ അവന്റെ കുറവുകൾ അന്ത്യനാളിൽ അല്ലാഹുവും മറച്ചുവെക്കും (മുസ്‌ലിം).

● *പരീക്ഷണങ്ങളെ എങ്ങനെ നേരിടണമെന്നറിയാതെ വലയുന്നുണ്ടോ?*

നബി(സ) അബ്ദുല്ലാഹിബ്നു അബ്ബാസിനെ ഉപദേശിച്ചു: നീ അല്ലാഹുവിനെ സൂക്ഷിക്കുക. അവനെ നിനക്ക് മുന്നിൽ കാണാം. ഐശ്വര്യമുള്ളപ്പോൾ അല്ലാഹുവിനെ പരിചയപ്പെടുക, എങ്കിൽ വിഷമകാലത്ത് അവൻ നിന്നെയും പരിചയപ്പെടും. അറിയുക, നിന്നെ വിട്ടുപോയത് നിനക്ക് ബാധിക്കുമായിരുന്നില്ല; നിന്നെ ബാധിച്ചത് നിന്നെ വിട്ടുപോകുമായിരുന്നുമില്ല! അറിയുക, വിജയം ക്ഷമയോടൊപ്പമാണ്. ആശ്വാസം വിഷമത്തോടൊപ്പം തന്നെയുണ്ട്. തീർച്ചയായും പ്രയാസത്തോടൊപ്പം എളുപ്പമുണ്ട് (ഇമാം നവവിയുടെ 40 ഹദീസുകളിൽ ഉദ്ധരിച്ചത്).

● *ദാനധർമങ്ങൾ ചെയ്യാൻ പണമില്ലാത്തത് താങ്കളെ വിഷമിപ്പിക്കുന്നുണ്ടോ?*

പാവപ്പെട്ട ചില ആളുകൾ പ്രവാചകനെ (സ) സമീപിച്ച് പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, പണക്കാർ എല്ലാ പുണ്യവും കൊണ്ടുപോകുന്നു. അവർ ഞങ്ങളെപ്പോലെ നമസ്കരിക്കുന്നു, ഞങ്ങൾ വ്രതമനുഷ്ഠിക്കുന്നതു പോലെ വ്രതമനുഷ്ഠിക്കുന്നു. ഒപ്പം അവരുടെ ബാക്കിയുള്ള ധനം ദാനം ചെയ്യുകയും ചെയ്യുന്നു." നബി(സ) അവരോട് പറഞ്ഞു: "നിങ്ങൾക്കും ദാനധർമം ചെയ്യാനുള്ള വക അല്ലാഹു നിശ്ചയിച്ചിട്ടുണ്ടല്ലോ? തീർച്ചയായും എല്ലാ തസ്ബീഹിലും (സുബ്ഹാനല്ലാഹ്) സ്വദഖയുണ്ട്. എല്ലാ തക്ബീറിലും (അല്ലാഹു അക്ബർ) സ്വദഖയുണ്ട്. എല്ലാ തഹ്മീദിലും (അൽഹംദുലില്ലാഹ്) സ്വദഖയുണ്ട്. നന്മ കൽപിക്കൽ സ്വദഖയാണ്. തിന്മ വിരോധിക്കൽ സ്വദഖയാണ്. നിങ്ങളിലൊരാൾ ഭാര്യയുമായി ശയിക്കുന്നതുപോലും സ്വദഖയാണ്." അവർ ചോദിച്ചു: "ഞങ്ങളിലൊരാൾ അവന്റെ വികാരശമനം നടത്തുന്നതിൽ ഞങ്ങൾക്ക് പ്രതിഫലം ലഭിക്കുമെന്നോ?" പ്രവാചകൻ പ്രതിവചിച്ചു: "അതെ, അതവൻ നിഷിദ്ധമായ മാർഗത്തിലൂടെയാണ് ചെയ്യുന്നതെങ്കിൽ അവന്ന് കുറ്റമുണ്ടല്ലോ. അതുകൊണ്ടുതന്നെ അനുവദനീയ മാർഗത്തിൽ അത് നിർവഹിക്കുന്നതിന് അവന് പ്രതിഫലവും ലഭിക്കും" (മുസ്‌ലിം). ■

tajaluva@gmail.com

* ളുഹറിന് മുമ്പ് നാല് റക്അത്തും ശേഷം രണ്ട് റക്അത്തും; മഗ്‌രിബിനും ഇശാക്കും ശേഷം ഈരണ്ട് റക്അത്ത് വീതം; സുബ്ഹിക്ക് മുമ്പ് രണ്ട് റക്അത്ത്.